**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1350** **08-12-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മണ്ഡലത്തിലെ കല്ലടക്ക-ചെർക്കള റോഡിന്റെ ടെണ്ടർ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് മണ്ഡലത്തിലെ കല്ലടക്ക - ചെർക്കള റോഡ് പ്രവൃത്തി ടെണ്ടർ ചെയ്ത തീയതി അറിയിക്കുമോ; | (എ) | 12.07.2018-ൽ ആണ് കാസർഗോഡ് മണ്ഡലത്തിലെ കല്ലടക്ക - ചെർക്കള റോഡ് പ്രവൃത്തി ടെണ്ടർ ചെയ്തത്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ ഒപ്പവച്ചത് എന്നാണെന്നും കരാർ കാലാവധി എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ ഒപ്പവച്ചത് 17.10.2018-ലാണ്. കരാർ പ്രകാരം കാലാവധി ഒരു വർഷമായിരുന്നു(24.10.2019). ആയത് നിർവ്വഹണ ചുമതലയുള്ള എഞ്ചിനീയർമാരുടെ ശിപാർശ പ്രകാരം 30.11.2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (സി) | കരാർ തുക എത്രയാണെന്നും ഇതുവരെ ചെയ്ത പ്രവൃത്തി എത്ര രൂപയുടേതാണെന്നും പ്രസ്തുത പ്രവൃത്തിയുടെ ബില്ലുകൾ കരാറുകാരന് മാറി നൽകിയോ എന്നും അറിയിക്കുമോ; | (സി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ തുക 35,68,01,761/- രൂപയാണ്. കരാറുകാരന് നിലവിൽ 27,87,11,193/- രൂപ വരെയുള്ള ബില്ലുകൾ മാറി നൽകിയിട്ടുണ്ട്. |
| (ഡി) | റോഡിന്റെ എത്ര ശതമാനം പ്രവൃത്തികളാണ് പൂർത്തിയായതെന്നും ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ഡി) | ഇതുവരെയായി പ്രവൃത്തിയുടെ 78ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഡി.ബി.എം പ്രവൃത്തി മുഴുവനായും പൂർത്തീകരിച്ചിട്ടുണ്ട്. ബി.സി-യും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്. |
| (ഇ) | ഈ റോഡിന്റെ സെക്കന്റ് ലെയർ ചെയ്തിട്ടുണ്ടോ; ഫസ്റ്റ് ലെയർ ചെയ്തതിനു ശേഷം സെക്കന്റ് ലെയർ ചെയ്യാനുള്ള സമയപരിധി എത്രയാണെന്ന് വിശദമാക്കുമോ; | (ഇ) | ഈ പ്രവൃത്തിയുടെ സെക്കന്റ് ലെയർ ആയ ബി, സി പ്രവൃത്തി ചെയ്തിട്ടില്ല. ഫസ്റ്റ് ലെയർ ടാറിംഗ് ചെയ്തതിനു ശേഷം സെക്കന്റ് ലെയർ തുടങ്ങാനുള്ള സമയപരിധി 48 മണിക്കൂർ ആണ്. |
| (എഫ്) | ഫസ്റ്റ് ലെയർ ചെയ്തതിനുശേഷം റോഡിൽ കുണ്ടും കുഴിയും പ്രത്യക്ഷപ്പെട്ട് തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ജി) | ഇപ്പോഴത്തെ കരാറുകാരൻ പ്രവൃത്തി തുടരാൻ തയ്യാറല്ലാത്ത സാഹചര്യത്തിലും രണ്ടാമത്തെ ലെയർ ഉടൻ ചെയ്തില്ലെങ്കിൽ ആദ്യ ലെയർ പൊട്ടിപ്പൊളിഞ്ഞു നാശമാകാൻ സാധ്യതയുള്ളതിനാലും സർക്കാർ സ്വീകരിക്കാൻ | (ജി) | കരാറുകാരൻ പ്രവൃത്തി തുടരാൻ തയ്യാറല്ലാത്ത സാഹചര്യത്തിൽ കരാർ റദ്ദ് ചെയ്യുന്നതിനു മുന്നോടിയായി 10.11.2022-ൽ ഒന്നാം നോട്ടീസ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്ന തുടർനടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ